പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4913

24/07/2015 -ൽ
മറുപടിയ്ക്ക്

**കുറ്റ്യാടി മണ്ഡലത്തിലെ ക്ഷേത്രങ്ങൾക്ക് ധനസഹായം**

ചോദ്യം
ശ്രീമതി കെ.കെ. ലതിക

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| എ) 2015-16 വർഷത്തിൽ ദേവസ്വം ബോർഡിന് കീഴിലുള്ളതും അല്ലാത്തതുമായ ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) 2015-2016 വർഷത്തെ ജീർണ്ണോദ്ധാരണ ധനസഹായത്തിനായി അപേക്ഷ ക്ഷണിച്ചിട്ടില്ല. |
| ബി) ദേവസ്വം ബോർഡും സർക്കാരും നൽകുന്ന ധനസഹായത്തിന് ക്ഷേത്രങ്ങൾ അപേക്ഷിക്കേണ്ടതിൻെറയും ധനസഹായം അനുവദിക്കുന്നതിൻെറയും മാനദണ്ഡങ്ങൾ വിശദമാക്കുമോ? | ബി) ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി ധനസഹായം അനുവദിക്കുന്നതിൽ ഓരോ വർഷവും അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രങ്ങൾ വഴിയും വെബ് സൈറ്റിലും പരസ്യപ്പെടുത്താറുണ്ട്. മലബാർ ദേവസ്വം ബോർഡ് ഡിവിഷൻ അസിസ്റ്റൻറ് കമ്മീഷണർ ഓഫീസുകൾ വഴി നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം ക്ഷേത്ര ഭരണാധികാരികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ അസിസ്റ്റൻറ് കമ്മീഷണർ ഓഫീസിൽ സമർപ്പിക്കുന്ന അപേക്ഷകൾ ഓരോ ഡിവിഷനിലെയും അതാത് ഏരിയാ കമ്മറ്റി പരിശോധിച്ച് അർഹരായവരെ ശുപാർശ ചെയ്യുകയും പ്രസ്തുത ലിസ്റ്റ് മലബാർ ദേവസ്വം ബോർഡ് യോഗം പരിഗണിച്ചതിനു ശേഷം, സർക്കാർ തലത്തിലുള്ള ഗ്രാൻറ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അന്തിമ ലിസ്റ്റിന് രൂപം നൽകിയ ശേഷം ഓരോ ക്ഷേത്രത്തിനും അനുവദിക്കപ്പെട്ട ഗ്രാൻറ് തുക ഗഡുക്കളായി നൽകി വരുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ